**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2180 — 18.07.2016 ൽ മറുപടിക്ക്

**എയ്ഡഡ് കോളേജുകളിലെ അനദ്ധ്യാപക ജീവനക്കാർക്ക് ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ. വി. റ്റി. ബൽറാം**<br>**ശ്രീ. പി.ടി.തോമസ്** | **പ്രൊഫ. സി. രവീന്ദ്രനാഥ്**<br>**(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |

| | |
|---|---|
| (എ) സർക്കാർ ജീവനക്കാർക്ക് നടപ്പിലാക്കിയ 2016-ലെ ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ എയ്ഡഡ് കോളേജുകളിലെ അനദ്ധ്യാപക ജീവനക്കാർക്ക് ലഭ്യമാക്കുവാൻ കാലതാമസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കാമോ; | (എ ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ബി) ശമ്പള പരിഷ്കരണ ആനുകൂല്യം സമയബന്ധിതമായി ലഭ്യമാക്കുന്നതിന് കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർമാരുടെ ആഫീസുകളിൽ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (ബി)&(സി) സ്വകാര്യ എയ്ഡഡ് കോളേജുകളിൽ നിന്നും ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട പ്രൊപ്പോസലുകൾ / ബില്ലുകൾ ലഭ്യമാകുന്ന മുറക്ക് സമയബന്ധിതമായി ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ അനുവദിച്ചു നൽകി വരുന്നു. ലഭ്യമായ പ്രൊപ്പോസലുകൾക്ക് അടിയന്തര പ്രാധാന്യം നൽകി മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) ഇത്തരത്തിൽ ഏതെല്ലാം എയ്ഡഡ് കോളേജുകളിലെ അനദ്ധ്യാപക ജീവനക്കാരുടെ അപേക്ഷകളാണ് വിവിധ ഡെപ്യൂട്ടി ഡയറക്ടർമാരുടെ ആഫീസുകളിൽ കെട്ടിക്കിടക്കുന്നതെന്ന് വിശദമാക്കാമോ? | |

സെക്ഷൻ ഓഫീസർ